**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.258** — **20.06.2013-ലെ മറുപടിക്ക്**

## കയ്യേറ്റഭൂമി കണ്ടെത്തി മിച്ചഭൂമി പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ

**ചോദ്യം**

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**

**ശ്രീ.ബി.സത്യൻ**

**ശ്രീ.ബാബു എം.പാലിശ്ശേരി**

**ശ്രീ.പി.കെ.ഗുരുദാസൻ**

**മറുപടി**

**ശ്രീ.അടൂർപ്രകാശ്**

**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കയ്യേറ്റ ഭൂമി കണ്ടെത്തി മിച്ചഭൂമി പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (എ) & (ബി) | കയ്യേറ്റഭൂമികളെല്ലാം മിച്ചഭൂമിയല്ല. മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമിയിലെ കയ്യേറ്റം അതത് സമയങ്ങളിൽ ഒഴിപ്പിച്ച് മിച്ചഭൂമിയായി നിലനിർത്തിപോരുന്നുണ്ട്. |
| (ബി) | ഇതുവരെ എത്ര ഹെക്ടർ ഭൂമി ഇത്തരത്തിൽ മിച്ചഭൂമിയായി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ ; | | |
| (സി) | നിർദ്ദിഷ്ട ആറന്മുള വിമാനത്താവളത്തിനായി അനധികൃതമായി വാങ്ങിക്കൂട്ടിയ മിച്ചഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ; | (സി) | ശ്രീ.കെ.ജെ.എബ്രഹാം, കലമണ്ണിൽ, കോഴഞ്ചേരി എന്നയാളുടെ പേരിൽ കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് ആരംഭിച്ചിട്ടുള്ള എസ്.എം.1/12-ാം നമ്പർ മിച്ചഭൂമി കേസിൽ നിർദ്ദിഷ്ട ആറന്മുള വിമാനത്താവള പദ്ധതി പ്രദേശമുൾപ്പെടെ 136.3119 ഹെക്ടർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കാൻ 10.04.2013 ൽ ഉത്തരവിട്ടിരുന്നു. ടി ഉത്തരവിനെതിരെ ശ്രീ.കെ.ജെ.എബ്രഹാം, കെ.ജി.എസ്.ആറന്മുള എയർപോർട്ട് ലിമിറ്റഡ് എന്നിവർ യഥാക്രമം സി.ആർ.പി-185/13, സി.ആർ.പി-187/13 എന്നീ നമ്പരുകളിലായി ബഹു.ഹൈക്കോടതിയിൽ റിവിഷൻ ഹർജികൾ ഫയൽ ചെയ്യുകയും, പ്രസ്തുത ഹർജികൾ പരിഗണിച്ച കോടതി, താലൂക്ക് ലാന്റ് ബോർഡിന്റെ ഉത്തരവ് താല്ക്കാലികമായി സ്റ്റേ ചെയ്ത് ഉത്തരവാകുകയും ചെയ്തിരിക്കുകയാണ്. |
| (ഡി) | പ്രസ്തുത മിച്ചഭൂമി വാങ്ങിക്കൂട്ടിയതും തണ്ണീർത്തടങ്ങൾ ചട്ടവിരുദ്ധമായി നികത്തിയതും സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിരുന്നോ; | (ഡി) | ചെയ്തിരുന്നു. |
| (ഇ) | ലാന്റ് റവന്യൂ കമ്മീഷണറെ തൽസ്ഥാനത്തു നിന്നും മാറ്റുകയുണ്ടായോ; സ്ഥലം മാറ്റത്തിലേക്ക് നയിച്ച സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ? | (ഇ) | ലാന്റ് റവന്യൂ കമ്മീഷണറായിരുന്ന ശ്രീ.റ്റി.ഒ.സൂരജ് ഐ.എ.എസ്. ന് പകരം ശ്രീ.എം.സി.മോഹൻദാസ് ഐ.എ.എസിനെ നിയമിക്കുകയുണ്ടായി. ഇത് സർക്കാരിന്റെ ഭരണപരമായ തീരുമാനമാണ്. |

സെക്ഷൻ ഓഫീസർ